**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **24-06-2024 - ൽ മറുപടിയ്ക്ക്**

**കോംട്രസ്റ്റ് ഫാക്ടറിയിലെ തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കോംട്രസ്റ്റ് ഫാക്ടറിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | കേരള നിയമ നിർമ്മാണ സഭ (Kerala State Legislature), കോമൺ വെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (ഏറ്റെടുക്കലും, ചുമതല കൈമാറ്റവും) (Acquisition and transfer of undertaking), ആക്ട് 2012 2018 – ലെ 1 -ാമത്തെ ആക്ട്) (Act 1 of 2018) എന്ന പേരിൽ ഒരു നിയമം പാസ്സാക്കുകയും, 2018 ഫെബ്രുവരി 1-ാം തീയതി ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി ഈ ആക്ട് അംഗീകരിക്കുകയുമുണ്ടായി. ഈ നിയമം, 2018 ഫെബ്രുവരി 19-ാം തീയതിയിലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി.<br><br>കോമൺ വെൽത്ത് ട്രസ്റ്റ് ഇന്ത്യ ലിമിറ്റഡിന്റെ കീഴിലുള്ള കോംട്രസ്റ്റ് (COMTRUST) ഹാൻഡ് ലൂം വീവിങ്ങ് ഫാക്ടറിയെ പുനസംഘടിപ്പിക്കുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾക്കും വേണ്ടിയും ഈ സ്ഥാപനത്തെ ഒരു വ്യവസായ മ്യൂസിയവും, ഉത്പാദന കേന്ദ്രവുമാക്കി, കേരള സംസ്ഥാന വികസന കോർപറേഷന്റെ (കെ.എസ്.ഐ.ഡി.സി) കീഴിൽ നിർത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു ഈ നിയമം.<br><br>കോമൺവെൽത്ത് ട്രസ്റ്റ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനെതിരെ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിയ്ക്കുന്ന മൂന്നു റിട്ട് ഹർജികളിന്മേൽ ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലും കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി കൈമാറി ലഭിച്ചിട്ടില്ലാത്തതിനാലും ടി കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊള്ളുവാൻ ഗവൺമെന്റിനു സാധിക്കുകയുള്ളൂ.<br><br>25/07/2014 തീയതിയിലെ G.O(Rt). No 828/2014/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | കോംട്രസ്റ്റിന്റെ ശമ്പള പട്ടികയിലുള്ള (PAYROLL) തൊഴിലാളികൾക്ക് 5000 രൂപ ധനസഹായം നൽകുന്നതിന് നിർദേശിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം ജൂലൈ 2014 മുതൽ കോംട്രസ്റ്റിന്റെ ശമ്പള പട്ടികയിലുള്ള (PAYROLL) വിരമിക്കൽ പ്രായം കഴിയാത്ത തൊഴിലാളികൾക്ക് 5000/- രൂപ വീതം ധനസഹായം കെ.എസ്.ഐ.ഡി.സി നല്കിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത ഫാക്ടറിയിലെ തൊഴിലാളികളുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ